# "സർക്കാർ കോളയുമായി ഒത്തുകളിച്ച് ജനങ്ങളെ തോല്പിക്കുന്നു" : വിളയോടി വേണുഗോപാൽ

**പ്ലാച്ചിമടയിലെ അതിജീവനസമരം ആഗോളസമരമായിമാറി. ഈ സമരത്തെക്കുറിച്ച് കോളവിരുദ്ധ സമരസമിതി രക്ഷാധികാരിയും പി.യു.സി.എൽ. സംസ്ഥാന സെക്രട്ടറിയുമായ വിളയോടി വേണുഗോപാലുമായി *ചിറ്റൂർ ഷണ്മുഖദാസ്* നടത്തിയ അഭിമുഖം**



***പ്ലാച്ചിമടസമരം നേരിടുന്ന വെല്ലുവിളികൾ ?***

● ഭരണകക്ഷികൾ കോള ഭീമനെ സഹായിക്കുന്ന നിലപാടാണിപ്പോഴും കൈകൊണ്ടുവരുന്നത്. സമരം തുടങ്ങിയതിനുശേഷം രണ്ടു മുഖ്യമന്ത്രിമാർ കേരളം ഭരിച്ചു. പട്ടിണിപ്പാവങ്ങളായ ആദിവാസികൾ നടത്തുന്ന സമരത്തിനെ തകർക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കോള കമ്പനി സർക്കാരിന്റെ വകുപ്പുകളെ സ്വാധീനിച്ച് പരിശോധനാ റിപ്പോർട്ടുകൾ അനുകൂലമാക്കിക്കൊണ്ടിരിക്കുന്നു. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റേയും, സി.ഡബ്ലിയു.ആർ.ഡി.എമ്മിന്റേയും വെള്ളം പരിശോധന റിപ്പോർട്ടുകൾ കോള കമ്പനിക്കനുകൂലമായിട്ടുള്ളതാണ്. എന്നാൽ ചില സ്വകാര്യ ഏജൻസികൾ നടത്തിയ റിപ്പോർട്ടുകളിൽ പ്ലാച്ചിമടയിലെ കിണറുകളിലെ വെള്ളം രാസ മാലിന്യങ്ങൾ കൂടുതലാണെന്ന കണ്ടെത്തലാണ്. പണവും, ഭരണസ്വാധീനവും ഉപയോഗിച്ച് കമ്പനി ഇവിടെ വീണ്ടും പ്രവർത്തിപ്പിക്കാനുള്ള നീക്കത്തിലാണ്. അതിജീവന സമരം നടത്തുന്ന ആദിവാസികളുടെ ആത്മവിശ്വാസം മാത്രമാണ് സമരത്തിന് 1000 ദിവസത്തിലെത്താൻ സാധിച്ചത്. പണിക്ക് പോകാൻ കഴിയാതെ സമരം നടത്തുവാനാണ് ഇവിടത്തെ പ്രാദേശിക ജനത തയ്യാറായിട്ടുള്ളത്. സർക്കാർ തന്നെ കോടതിയിൽ കോള കമ്പനിയുടെ പ്രവർത്തനം മൂലം ഇപ്രദേശത്തെ ജനത ദുരിതമനുഭവിച്ചു വരുന്നതായി സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

***പ്ലാച്ചിമട സമരം എങ്ങോട്ടാണ് പോവുന്നത് ?***

● ചില രാഷ്ട്രീയ പാർട്ടികൾ കോള വിരുദ്ധ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. 1000 ദിവസം പിന്നിട്ടാലും സമരം തുടരും. യോജിക്കാൻ താൽപര്യമുള്ള രാഷ്ട്രീയ കക്ഷികളുടെ പിന്തുണ തേടിക്കൊണ്ടിരിക്കുന്നു. കോളകമ്പനി കെട്ടുകെട്ടിക്കുകയും, പ്ലാച്ചിമടയിലെ പ്രാദേശിക വിഭവങ്ങൾ കൊള്ളയടിക്കുകയും ഇവിടുത്തുകാരുടെ കുടിവെള്ളം, കൃഷി നശിപ്പിക്കുകയും ചെയ്ത കമ്പനി നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് നിയമ നടപടികളുമായി മുന്നോട്ട് പോകാനാണ് ഉദ്ദേശിക്കുന്നത്.

***ജെ.പി.സി. യുടെ തുടർനടപടികൾ ഉണ്ടാവാത്തതിനെക്കുറിച്ച് ?***

● ജെ.പി.സി. ചത്ത കുതിരയെപ്പോലെയാണ്. എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത ജെ.പി.സി. ജനവിരുദ്ധ നയങ്ങളാണ് സ്വീകരിക്കുന്നത്.

***കോള സമരത്തിന് പിന്തുണക്കുന്ന ഇടതുകക്ഷികളുടെ 18 എം.പി. മാർ കേന്ദ്ര ഭരണത്തിലുണ്ടായിട്ടും ജെ.പി.സി. യിലും കേന്ദ്രസർക്കാരിലും സമ്മർദ്ദം ചെലുത്തി കോളകമ്പനിയെ പൂട്ടിക്കാൻ ശ്രമം നടത്താത്തതെന്തുകൊണ്ടാണ് ?***

● ഇടതുപക്ഷ മുന്നണിയിലെ ചില കക്ഷികൾ സമരത്തിന് പിന്തുണ നൽകിയെങ്കിലും പാർലിമെന്റിൽ ഇതിനെതിരെ യോജിച്ച് പ്രവർത്തിക്കുവാൻ കഴിയുന്നില്ല. സി.പി.എം. കോളകമ്പനിയുടെ വെള്ളമൂറ്റലിനെതിരെ ശക്തമായി പ്രതികരിക്കുന്നുണ്ടെങ്കിലും, സമരരംഗത്ത് സജീവമായെത്തുന്നില്ല. ഇതിലും ദുരൂഹതകളുള്ളതായി തോന്നുന്നു. തുടർന്ന് സമരം ശക്തമാക്കാൻ ഇടതുപാർട്ടികളുടെ പ്രവർത്തകരെ പരിപാടിയിലേക്ക് ക്ഷണിച്ചിട്ടുണ്ട്.

***അടിസ്ഥാന വിഭവങ്ങളുടെ അധികാരം പ്രാദേശിക സർക്കാരുകളായ പഞ്ചായത്തുകൾക്കായിട്ടും, കോളകമ്പനിയ്ക്കെതിരെ നടപടിയെടുക്കാൻ കഴിയാത്തതിനെക്കുറിച്ച് എന്താണഭിപ്രായം ?***

● ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളെ കശാപ്പ് ചെയ്യുകയാണ് സർക്കാർ. ഗ്രാമസഭയിൽ തീരുമാനിച്ചാൽ കോളപോലുള്ള കമ്പനികൾക്കെതിരെ നടപടിയെടുക്കാൻ കഴിയും. പ്ലാച്ചിമടയിലെ ഗ്രാമസഭയും, ആദിവാസി ഊര് കൗൺസിലുമൊക്കെ തീരുമാനിച്ചുവെങ്കിലും, കോളയെ തുരത്തുവാൻ യാതൊരു നടപടിയും കൈ ക്കൊണ്ടിട്ടില്ല.

***കോളകമ്പനിയും, കേരള സർക്കാരും ഒത്തുകളിക്കുകയാണെന്നഭിപ്രായമുണ്ടോ?***

● ഇടതു സർക്കാർ അനുമതി നൽകിയതെല്ലാം യു.ഡി.എഫ്. സർക്കാരിന് ഇല്ലാതാക്കാമായിരുന്നു. കേരള മുഖ്യമന്ത്രിയുടെ സുനാമി ദുരിതാശ്വാസ ഫണ്ടിലേക്ക് കോള കമ്പനി 10 ലക്ഷം രൂപയാണ് സംഭാവന നൽകിയത്. കേന്ദ്ര സർക്കാരിലും ഇവർ സ്വാധീനം ചെലുത്തുന്നു. കോള കമ്പനി പൂട്ടിപ്പോവുന്നതുവരെ സമരം തുടരും. ഇനി മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് മാർച്ച് നടത്തും. എൻഡോ സൾഫാൻ ബാധിതരായ ഗ്രാമങ്ങൾ സന്ദർശിച്ച മുഖ്യമന്ത്രി പ്ലാച്ചിമട സന്ദർശിച്ച് ഇതിനെതിരെ നടപടിയെടുക്കാൻ തയ്യാറാവണം. ഭാവി തലമുറയുടെ ഭാവിയോർത്തെങ്കിലും മുഖ്യമന്ത്രി ഇതിൽ ഇടപെടണമെന്നും വിളയോടി വേണുഗോപാൽ പറഞ്ഞു.